**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 179** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഏകാരോഗ്യം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഏകാരോഗ്യം (വൺ ഹെൽത്ത്) പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | നവകേരളം കർമ്മ പദ്ധതി 2 - ന്റെ ഭാഗമായി റീ ബിൽഡ് കേരള ഇനിഷ്യേറ്റിവിനു കീഴിൽ ഏകാരോഗ്യം പദ്ധതി ആദ്യഘട്ടമെന്ന നിലയിൽ പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ നടപ്പാക്കിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ആരോഗ്യ മേഖലയിൽ ഇതുവരെ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ; | (ബി) | ഏകാരോഗ്യം പരിപാടിയുടെ ഒന്നാം വർഷ ലക്ഷ്യം പമ്പാ നദീതട ജില്ലകളിൽ ഏകാരോഗ്യം പരിപാടിയുടെ ഏകോപനം സാധ്യമാക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നൽകുക എന്നതായിരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ പരിശീലനപരിപാടികൾ നടത്തുകയും വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും ജില്ലാതല നോഡൽ ഓഫീസർമാരെ നിയമിക്കുകയും അവർക്ക് പരിശീലനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പമ്പാനദീതട ജില്ലകളിൽ 'സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം' ശക്തിപ്പെടുത്തുന്നതിനായി 2,50,000 സന്നദ്ധ സേവകർക്ക് പരിശീലനം നൽകി വിന്യസിച്ചിട്ടുണ്ട്.<br><br>സന്നദ്ധപ്രവർത്തകരുടെ റിപ്പോർട്ടിങ്ങിനായി ഐ ടി അധിഷ്ഠിത റിപ്പോർട്ടിങ്ങ് സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണ സംവിധാനങ്ങൾ വരുംകാലങ്ങളിൽ രോഗപ്രതിരോധ പ്രവർത്തങ്ങൾക്ക് ശക്തമായ പിന്തുണ നൽകുന്നതാണ്.<br><br>കേരളത്തിൽ കണ്ട് വരുന്ന പകർച്ച വ്യാധികളിൽ കണക്കുകൾ പ്രകാരം മുൻഗണന നൽകേണ്ട |

| | | | |
|---|---|---|---|
| | | | എലിപ്പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, സിക്ക, പക്ഷിപ്പനി, മസ്തിഷ്ക ജ്വരം, അതിസാരം, ജപ്പാൻ ജ്വരം, വെസ്റ്റ് നൈൽ ഫീവർ, കുരങ്ങുപനി, നിപ്പ തുടങ്ങിയ രോഗങ്ങൾ കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനക്കുള്ള മാർഗ്ഗരേഖ തയ്യാറാക്കിവരുന്നു.<br><br>ഏകാരോഗ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി സെന്റർ ഫോർ വൺ ഹെൽത്ത് കേരള പ്രവർത്തനമാരംഭിച്ചു.<br><br>രോഗ നിരീക്ഷണ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെയും, ഏകാരോഗ്യ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെയും ലബോറട്ടറി സംവിധാനം ശക്തിപ്പെടുത്തുന്നതിനും അതുവഴി ഡിസീസ് ഔട്ട് ബ്രേക്ക് പെട്ടെന്ന് കണ്ടെത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. |
| (സി) | ഏകാരോഗ്യം പദ്ധതി നടപ്പിലാക്കിയ ജില്ലകളിൽ പകർച്ചവ്യാധികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | ജന്തുജന്യരോഗങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഇത്തരം രോഗങ്ങളുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഒത്തൊരുമിപ്പിച്ച് നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ലോക ബാങ്ക്, എ ഐ ഐ ബി, എ എഫ് ബി എന്നിവയുടെ സഹായത്തോടെ ആരംഭിച്ച ഏകാരോഗ്യ പദ്ധതി ആദ്യഘട്ടമായി പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് നടപ്പിലാക്കിവരുന്നത്. 2021 ജൂലൈയിൽ ആരംഭിച്ച ഈ പദ്ധതി ഒരോവർഷവും നിശ്ചിത ലക്ഷ്യങ്ങൾ പൂർത്തീകരിച്ച് അഞ്ചു വർഷ പ്രവർത്തനങ്ങളുടെ ഭാഗമായി 2026 ജൂണിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ഒന്നാം വർഷ ലക്ഷ്യമായ ഏകാരോഗ്യം പരിപാടിയുടെ ഏകോപനം സാധ്യമാക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുക, മാർഗ്ഗരേഖ പുറപ്പെടുവിക്കുക, ജില്ലാതല നോഡൽ ഓഫീസർമാരെ നിയമിക്കുകയും അവർക്ക് പരിശീലനങ്ങൾ നൽകുക എന്നിവയും, രണ്ടാം വർഷ ലക്ഷ്യമായ 'സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം' ശക്തിപ്പെടുത്തുന്നതിനായി 2,50,000 സന്നദ്ധ സേവകർക്ക് പരിശീലനം നൽകുക എന്നതും പൂർത്തീകരിച്ചിട്ടുള്ളതും, കൂടാതെ മൂന്നാം വർഷ ലക്ഷ്യമായ ജോയിന്റ് ഡിസീസ് ഔട്ട് ബ്രേക്ക് |

| | | | |
|---|---|---|---|
| | | | ഇൻവെസ്റ്റിഗേഷൻ പ്രോട്ടോകോൾ തയ്യാറാക്കൽ പുരോഗമിച്ചുവരുകയും ചെയ്യുന്നു. 2025 ജൂൺ ഓടുകൂടി നാലാം വർഷ ലക്ഷ്യമായ 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം സാധ്യമാകുന്നതോടെ അഞ്ചാം വർഷ ലക്ഷ്യമായ ഔട്ട് ബ്രേക്കുകൾ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള സംവിധാനം ഈ ജില്ലകളിൽ ഏർപ്പെടുത്താൻ കഴിയും. ഇതുവഴി കൊതുകുജന്യ രോഗങ്ങളുടെയും ജന്തുജന്യ രോഗങ്ങളുടെയും, മറ്റു പകർച്ചവ്യാധികളുടെയും വ്യാപനം നിയന്ത്രിക്കാനും തടയാനും കഴിയുന്നതാണ്. |
| (ഡി) | ഏകാരോഗ്യം പദ്ധതി ആരംഭിച്ചിട്ടും സംസ്ഥാനത്ത് കൊതുകുജന്യ രോഗങ്ങളുടെയും ജന്തുജന്യ രോഗങ്ങളുടെയും തീവ്രത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഉത്തരം (സി) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ